

# സെന്റ് മേരീസ് അഡോറേഷൻ കോൺവെന്റ് മാറിക

സ്ഥാപനം : 1948

ഒരു ഗ്രാമ പ്രദേശമായ മാറികയുടെ വികസനത്തിന് സിസ്റ്റേഴ്സിന്റെ സേവനം ആവശ്യമാണെന്ന് കണ്ട് അന്നത്തെ വികാരി ബ. ശങ്കൂരിക്കൽ ജോസഫ് അച്ചൻ അന്നത്തെ മദർ ജനറൽ ആയിരുന്ന ബ. ക്രൂസമ്മ യോട് മാറികയിൽ ആരാധനാ മഠത്തിന്റെ ഒരു ശാഖ തുടങ്ങാൻ ആവ ശ്യപ്പെട്ടു. ഇതിനുള്ള അനുവാദം എറണാകുളം അതിരൂപതാദ്ധ്യക്ഷനാ യിരുന്ന കണ്ടത്തിൽ മാർ ആഗസ്തീനോസ് പിതാവിൽ നിന്നും ലഭിച്ചു. 1948 സെപ്റ്റംബർ 8- ന് 5 സിസ്റ്റേഴ്സിനോടുകൂടി മഠത്തിന് ആരംഭം കുറിച്ചു. ഈ ഭവനം പള്ളിയിൽ നിന്നും കുറച്ച് അകലെ ആയിരുന്നതി നാൽ പള്ളിക്കു സമീപം വാങ്ങിച്ച സ്ഥലത്തേയ്ക്ക് 1961 ഏപ്രിൽ 13-നു താമസം മാറ്റി. 1961 ഏപ്രിൽ 22-ന് കോതമംഗലം ഒരു പ്രൊവിൻസായി അംഗീകരിച്ചുകൊണ്ടുള്ള കല്പന കിട്ടി. മാറിക മഠം പ്രൊവിൻഷ്യൽ ഹൗസായി തീരുമാനിച്ചു. ആ വർഷം തന്നെ പോസ്റ്റുലൻസിയും നൊവീ ഷ്യേറ്റും ഇവിടെ ആരംഭിച്ചു. 1973 ജൂൺ 2-ന് ഇവിടെ നിത്യാരാധന ആരംഭിച്ചു. 2007 -ൽ പുതുക്കിപ്പണിത മഠം ഇന്ന് രോഗികളും പ്രായമാ യവരുമായ സിസ്റ്റേഴ്സിനായി രൂപപ്പെടുത്തി.